Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം. KITE/2018/1350(3) തീയതി: 31.07.2018

## സർക്കുലർ

വിഷയം:- കൈറ്റ് - പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം - ഹൈടെക് സ്കൂൾ പദ്ധതി - 'സ്കൂൾ വിക്കി' പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടപ്പിലാക്കുന്ന സ്കൂളുകൾക്ക് അവാർഡ് നൽകുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- 28.07.2018 ലെ KITE/2018/1350 (4) ഫയൽ ഉത്തരവ്

സഹവർത്തിത പഠനാനുഭവം പ്രദാനം ചെയ്യുന്നതിനും മലയാളം കമ്പ്യൂട്ടിംഗ് വ്യാപകമാക്കുന്ന തിനുമായി സംസ്ഥാനത്തെ എല്ലാ സ്കൂളുകളേയും പങ്കെടുപ്പിച്ചുകൊണ്ട് 2009-ൽ വിദ്യാഭ്യാസവകുപ്പ് ആവിഷ്കരിച്ച ഓൺലൈൻ വിജ്ഞാനകോശമാണ് 'സ്കൂൾ വിക്കി'. www.schoolwiki.in ൽ കേരളത്തിലെ 15,000 ത്തോളം സ്കൂളുകൾ ഇപ്പോൾ അംഗങ്ങളാണ്. സംസ്ഥാനത്ത് ഏറ്റവും മികച്ച രീതിയിൽ സ്കൂൾ വിക്കി പ്രവർത്തനങ്ങൾ നടത്തുന്ന സ്കൂളുകൾക്ക് ജില്ലാതലത്തിലും സംസ്ഥാന തലത്തിലും അവാർഡ് നൽകുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. ജില്ലാതലത്തിൽ ഒന്നും രണ്ടും സ്ഥാനത്തെത്തുന്ന സ്കൂളുകൾക്ക് യഥാക്രമം 10,000/-, 5,000/- രൂപയും പ്രശസ്തി പത്രവും സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനത്തെത്തുന്ന സ്കൂളിന് ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും അവാർഡിനായി നൽകുന്നതാണ്. ആദ്യം മുതൽ സ്കൂൾ വിക്കിയുടെ കോർഡിനേഷൻ പ്രവർത്തനങ്ങൾ നടത്തിയിരുന്ന കൈറ്റിന്റെ മലപ്പുറം ജില്ലയിലെ മാസ്റ്റർ ട്രെയിനർ ആയിരുന്ന ശ്രീ. കെ. ശബരീഷ് സ്മാരക അവാർഡായാണ് സംസ്ഥാനതലത്തിൽ നൽകുന്നത്. അവാർഡുകൾക്കു പുറമെ തുടർന്നും സ്കൂളുകളെ ഗ്രേഡ് ചെയ്യുന്നതിലും 'സ്കൂൾ വിക്കി'യിലെ മികവ് പരിഗണിക്കുന്നതാണ്. സ്കൂൾ വിക്കി അവാർഡ് നിർണ്ണയിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സ്കൂൾവിക്കിയിൽ നിലവിൽ അംഗമായ എല്ലാ സ്കൂളിനേയും അവാർഡിന് പരിഗണിക്കും. സ്കൂളുകൾ അവാർഡിനായി പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതില്ല. എന്നാൽ 2018 ഓഗസ്റ്റ് 15 മുൻപ് അവരവരുടെ സ്കൂൾ താളുകളിലെ എല്ലാ പ്രവർത്തനങ്ങളും പൂർത്തിയാക്കേണ്ടതാണ്. (ഓഗസ്റ്റ് 15-നു ശേഷം താളുകളിൽ വരുത്തുന്ന മാറ്റം അവാർഡിനായി പരിഗണിക്കുന്നതല്ല.)

**അവാർഡ് നിർണ്ണയം താഴെപ്പറയുന്ന മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയായിരിക്കും**

i. ഇൻഫോ ബോക്സിലെ വിവരങ്ങളുടെ കൃത്യത - 20 മാർക്ക്

ii. പ്രെറ്റി യു.ആർ.എൽ - ഇംഗ്ലീഷ് വിലാസം ഉപയോഗിച്ച് കൃത്യമായി സ്കൂൾ താളിലേക്ക് എത്താൻ സാധിക്കുന്നുണ്ടെങ്കിൽ - 5 മാർക്ക്

iii. സ്കൂൾ താളിലെ ഉള്ളടക്കം - ചരിത്രം, പാഠ്യേതര പ്രവർത്തനങ്ങൾ, മാനേജ്മെന്റ്, മുൻസാരഥികൾ, പ്രശസ്തരായ പൂർവ്വ വിദ്യാർത്ഥികൾ തുടങ്ങിയ തലക്കെട്ടിലൂടെ ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങളുടെ കൃത്യതയും സമഗ്രതയും - 20 മാർക്ക്.

iv. സ്കൂൾ താളുകളുടെ തുടർച്ചയായ മെച്ചപ്പെടുത്തൽ - 5 മാർക്ക്

v. അധിക താളുകൾ/വിവരങ്ങൾ - 15 മാർക്ക്.

vi. താളുകളുടെ വൃത്തിയും സംവിധാനഭംഗിയും - 10 മാർക്ക്.

vii. സ്കൂൾ മാപ്പ് - ഓപ്പൺ സ്ട്രീറ്റ് മാപ്പ് ഉപയോഗിച്ച് സ്കൂളിന്റെ കൃത്യമായ സ്ഥാനം അടയാളപ്പെടുത്തുക - 10 മാർക്ക്

viii. പ്രോജക്ടുകൾ - എന്റെ നാട്, നാടോടി വിജ്ഞാനകോശം, സ്കൂൾ പത്രം, ഇ-വിദ്യാരംഗം എന്നിവയുടെ ഉള്ളടക്കം ചേർത്തിട്ടുണ്ടെങ്കിൽ - 15 മാർക്ക്.

2. വിദ്യാഭ്യാസ ഉപജില്ലയിലെ സ്കൂളുകളുടെ ചുമതലയുള്ള മാസ്റ്റർ ട്രെയിനർ ഉപജില്ലയിൽ ഏറ്റവും മികച്ച സ്കൂൾ വിക്കി പ്രവർത്തനം നടത്തുന്ന രണ്ട് സ്കൂളുകൾ ജില്ലാതല അവാർഡിനായി ഓഗസ്റ്റ് 18 നകം ജില്ലാ കോ-ഓർഡിനേറ്റർക്ക് നൽകേണ്ടതാണ്.

3. മാസ്റ്റർ ട്രെയിനർമാർ വിദ്യാഭ്യാസ ഉപജില്ലയിൽ നിന്ന് അവാർഡിന് നിർദ്ദേശിക്കുന്ന സ്കൂളുകളുടെ വിശദാംശങ്ങൾ ജില്ലയിലെ എല്ലാ മാസ്റ്റർ ട്രെയിനർമാരുടേയും യോഗം ചേർന്ന് ചർച്ച ചെയ്യേണ്ടതും ജില്ലാതല അവാർഡിനായി മുൻഗണനാ ക്രമത്തിൽ ആറ് സ്കൂളുകളുടെ ചുരുക്കപ്പട്ടിക പ്രസ്തുത യോഗത്തിൽ തീരുമാനിക്കേണ്ടതുമാണ്.

4. ജില്ലയിലെ മാസ്റ്റർ ട്രെയിനർമാരുടെ യോഗത്തിൽ തെരഞ്ഞെടുക്കുന്ന ആറ് സ്കൂളുകൾ ജില്ലാ കോ-ഓർഡിനേറ്ററും ജില്ലയിലെ എല്ലാ മാസ്റ്റർ ട്രെയിനർ കോ-ഓർഡിനേറ്റർമാരും പ്രത്യേകമായി വിശദപരിശോധന നടത്തി മികച്ച രണ്ട് സ്കൂളുകളെ ഓഗസ്റ്റ് 20-നു മുമ്പ് തെരഞ്ഞെടുത്ത് സംസ്ഥാന ഓഫീസിൽ അറിയിക്കേണ്ടതാണ്.

5. ഓരോ ജില്ലയിലേയും വിക്കി കോ-ഓർഡിനേറ്റർമാർ ജില്ലാതല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതും സ്കൂളുകൾക്കാവശ്യമായ സഹായങ്ങൾ നൽകേണ്ടതുമാണ്.

വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ

പകർപ്പ് :

എല്ലാ ജില്ലാ കോ-ഓർഡിനേറ്റർമാർക്കും
എല്ലാ പ്രഥമാധ്യാപകർക്കും (ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)
അക്കൗണ്ട്സ് സെക്ഷൻ/ഓഫീസ് കോപ്പി